25
തിങ്കൾ
പേജ് - 6
ഡിസംബർ

# ക്രിസ്ത്യൻലൈവ് ദിനപത്രം

Vol. 2 Issue 324

On the Battlefield for the Great Commission

695



എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 25 തിങ്കൾ

# ഭൂമിയിൽ സമാധാനം

അങ്ങനെ വീണ്ടും ഒരു ക്രിസ്മസ് കാലവും വർഷാവസാനവും വന്നെത്തിയിരിക്കുകയാണ്. 2024 എന്ന പുതുവർഷം പടിവാതിൽക്കൽ നിൽക്കുന്നു. പുതിയ തുടക്കങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പഴയ കാലങ്ങളിലെ ജീവിതം ഒന്ന് തിരിഞ്ഞു നോക്കുകയും തിരുത്തേണ്ടത് തിരുത്തുകയും ചെയ്യുക എന്നുള്ളത് വളരെ ഉത്തമമാണ്. അങ്ങനെ ചെയ്യുന്ന പക്ഷം ജീവിതത്തിന്റെ കുറവുകളെ മനസ്സിലാക്കുവാനും ഇനിയുള്ള നാളുകളിൽ അത് ആവർത്തിക്കാതിരിക്കാനും നമുക്ക് സഹായകമാകും.

പണ്ടത്തെ നാളുകളെ ഓർക്കുന്നത് ഭക്തന്മാർക്ക് എല്ലായിപ്പോഴും ഏറ്റവും ഉത്തമമാണ്. വെട്ടിയെടുത്ത ഖനി ഗർഭത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുവാൻ ബൈബിളും നമ്മളെ പ്രേരിപ്പിക്കുന്നുണ്ടല്ലോ. കഴിഞ്ഞവർഷം എന്തൊക്കെ പാളിച്ചകളാണ് ജീവിതത്തിൽ വന്നുപോയത്; ബന്ധങ്ങളിൽ വന്ന വിള്ളലുകൾ, ആരാധനയിൽ വന്ന കുറവുകൾ, പ്രാർത്ഥനയിൽ വന്ന കുറവുകൾ, ദൈവവചനം ധ്യാനിക്കുന്നതിൽ, വായിക്കുന്നതിൽ, അത് പ്രസംഗിക്കുന്നതിൽ വന്ന കുറവുകൾ, ലോകരക്ഷകനായ യേശുവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതിൽ വന്നുപോയ തീക്ഷ്ണതയില്ലായ്മ, ആത്മീയ അനുഭവങ്ങളെയും ആത്മവരങ്ങളെയും അവഗണിക്കൽ, മറ്റുള്ളവരുടെ കുറ്റവും കുറവും ചികഞ്ഞു കണ്ടെത്തി അത് ശേഷമുള്ളവരെ അറിയിക്കുന്ന സ്വഭാവം, സഭയോടും ദൈവത്തോടും ശേഷം മനുഷ്യരോടും ഉള്ള സ്നേഹത്തിൽ വന്ന കുറവുകൾ അങ്ങനെ അങ്ങനെ ആ ലിസ്റ്റ് നീളുന്നു.

ഉണ്ണിയേശു ജനിച്ചതിന്റെ വിളംബരം നാടെങ്ങും ഘോഷിക്കപ്പെട്ടു കൊണ്ടിരിക്കുമ്പോൾ യേശു ഹൃത്തിൽ ജനിച്ചവരുടെ ജീവിതം എത്രയധികം മാറ്റത്തിന് വിധേയമായിരിക്കണം എന്ന് കൂടെ ചിന്തിക്കുന്നത് അവസരോചിതമായി തോന്നുന്നു. അങ്ങനെയൊന്ന് തിരിഞ്ഞുനോക്കി ജീവിതത്തിന്റെ കുറവുകളെ കണ്ട് നമുക്ക് ഉണരാം. തിരുത്തേണ്ടത് തിരുത്താം.
അങ്ങനെ നാം നന്നാകുമ്പോൾ നമ്മുടെ കുടുംബങ്ങൾ നന്നാവും, സഭ നന്നാവും, സമൂഹം നന്നാവും. ലോകം നന്നാവും. ലോകത്ത് സമാധാനം പുലരും. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം'. ദൈവത്തിന് മഹത്വവും മനുഷ്യന് സമാധാനവും: അതാണ് ക്രിസ്തുമസിന്റെ സന്ദേശം.




പാസ്റ്റർ അനു കോശി

## വചനം എന്റെ സ്നേഹം വർദ്ധിപ്പിക്കുന്നു

ബൈബിൾ എന്നെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നു. അത് എന്നെ രൂപാന്തരപ്പെടുത്തുന്നു. യേശുവിനോടുള്ള എന്റെ സ്നേഹം വർദ്ധിപ്പിക്കുന്നു. നിത്യതയിലേക്ക് എത്താൻ ഓരോ നിമിഷവും എന്നെ ഒരുക്കിക്കൊണ്ടേയിരിക്കുന്നു.ഓരോ നിമിഷവും ഞാൻ ചെയ്യുന്ന പ്രവർത്തികളെ ശോധന ചെയ്യാനും തിരുത്തലുകൾ വരുത്താനും സഹായിക്കുന്നു.



മറിനാ പോൾ, ക്രൈസ്റ്റ് ഫോളോവേഴ്സ് ചർച്ച്, ഷാർജ




GOD'S OWN M... GERSHOM
AL QTR TOURISM
Quality Tourism Resources

**പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്**
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)




Christian Live (Malayalam) Advertisement Tariff

| | |
|---|---|
| **Full Page** | **Quarter Page** |
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

# ക്രൈസ്തവ സമൂഹത്തിന്റെ പിന്തുണ വേണം: മോദി

ഡൽഹി :രാജ്യത്തെ ക്രൈസ്തവ സമൂഹത്തിന്റെ പൂർണ്ണ പിന്തുണ പ്രതീക്ഷിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹിയിൽ നടന്ന പ്രധാനമന്ത്രിയുടെ ക്രിസ്മസ് വിരുന്നിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലങ്ങളായി ക്രൈസ്തവ സമൂഹം നൽകുന്ന സംഭാവനകൾ വലുതാണെന്നും മാർപാപ്പയെ കാണാൻ കഴിഞ്ഞത് അസുലഭ നിമിഷമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ക്രൈസ്തവർ രാജ്യത്തിന് നൽകിയത് നിസ്തുല സേവനമാണെന്നും വികസനത്തിന്റെ ഗുണം എല്ലാവർക്കും കിട്ടാനാണ് ശ്രമിക്കുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ചടങ്ങിൽ പറഞ്ഞു. രാഷ്ട്രീയം ചർച്ചയായില്ലെന്ന് സഭാ പ്രതിനിധികൾ അറിയിച്ചു. ഫ്രാൻസിസ് മാർപ്പാപ്പ 2024 പകുതിയോടെയോ 2025 ആദ്യമോ ഇന്ത്യയിലെത്തുമെന്ന് ക്രൈസ്തവ സഭാ മേലധ്യക്ഷന്മാർ അറിയിച്ചു. മണിപ്പൂർ വിഷയമോ മറ്റ് രാഷ്ട്രീയ വിഷയങ്ങളോ വിരുന്നിൽ ചർച്ചയായില്ല. എങ്കിലും വലിയ പ്രതീക്ഷ നൽകുന്ന നടപടിയാണ് പ്രധാനമന്ത്രിയുടെ ഭാഗത്ത് നിന്നുമുണ്ടായത്. സഭാ പ്രതിനിധികളും, വ്യവസായ പ്രമുഖരും ഉൾപ്പടെ 60 പേരാണ് പ്രധാനമന്ത്രിയുടെ ക്രിസ്മസ് വിരുന്നിൽ ദില്ലിയിൽ പങ്കെടുത്തത്. ഔദ്യോഗിക വസതിയിലാണ് വിരുന്ന് നടത്തിയത്. ഇതാദ്യമായാണ് ലോക് കല്യാൺ മാർഗിലെ മോദിയുടെ വസതിയിൽ ക്രിസ്മസ് വിരുന്നൊരുക്കുന്നത്. കേരളം, ഡൽഹി, ഗോവ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ സഭാധ്യക്ഷന്മാർക്കായിരുന്നു ക്ഷണം. ക്രൈസ്തവ സമുദായത്തിലെ വ്യവസായ പ്രമുഖരും വിരുന്നിൽ പങ്കെടുത്തു.



എന്നാൽ ഇതിനു പിന്നാലെ പ്രധാനമന്ത്രി നടത്തിയ ക്രിസ്മസ് വിരുന്നിൽ പങ്കെടുത്ത ബിഷപ്പുമാർക്കെതിരെ വിമർശനവുമായി സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം എം പി രംഗത്ത് എത്തിയിരിക്കുയാണ്. ചടങ്ങിൽ പങ്കെടുത്ത ബിഷപ്പുമാർ, എം എസ് ഗോൾവൽക്കർ ക്രിസ്ത്യാനികളെക്കുറിച്ച് എഴുതിയത് വായിക്കണമെന്ന് ബിനോയ് വിശ്വം ആവശ്യപ്പെട്ടു. ഗോൾവൽക്കർ എഴുതിയത് വായിച്ചാൽ ആർ എസ് എസിന്റെ രാഷ്ട്രീയ അജണ്ട എന്താണെന്ന് മനസിലാകുമായിരുന്നു എന്നും സി പി ഐ സംസ്ഥാന സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രധാനമന്ത്രിയുടെ വിരുന്നിൽ മണിപ്പൂർ കലാപമടക്കമുള്ള വിഷയങ്ങളെക്കുറിച്ച് ബിഷപ്പുമാർ ചോദിക്കേണ്ടതായയിരുന്നു എന്നും ബിനോയ് വിശ്വം അഭിപ്രായപ്പെട്ടു.

# ചേർത്ത് നിർത്തുക, പ്രയോജനപ്പെടുത്തുക; പാസ്റ്റർ സജോ തോണിക്കുഴിയിൽ

ചെറുവക്കൽ: ഐപിസി വേങ്ങൂർ, കിളിമാനൂർ സെന്ററുകളുടെയും ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും സംയുക്താഭിമുഖ്യത്തിൽ 31-ാമത് ചെറുവക്കൽ കൺവൻഷൻ ന്യൂ ലൈഫ് ഗ്രൗണ്ടിൽ ഇന്നലെ ആരംഭിച്ചു. പാസ്റ്റർ ഡോ.ജോൺസൻ ഡാനിയേൽ ഉദ്ഘാടനം നിർവഹിച്ചു 'നിങ്ങളുടെ നടപ്പു ക്രമത്തിലാക്കുക' എന്ന വിഷയത്തിൽ ആമുഖ സന്ദേശം നൽകി. ആദ്യദിനത്തിൽ പാസ്റ്റർ സജോ തോണിക്കുഴിയിൽ മുഖ്യ പ്രഭാഷണം നടത്തി ംപ്രയോജനപ്പെടേണ്ട ആയിരങ്ങൾ നമുക്ക് ചുറ്റും ഉള്ളപ്പോൾ, അവരെ വേണ്ടുന്നതുപോലെ പ്രയോജനപ്പെടുത്താത്തത് സഭയുടെ പ്രവർത്തങ്ങൾക്ക് ഏറെ മങ്ങലേൽപ്പിക്കുന്നു. വിദ്യാഭ്യാസവും, കഴിവും, കൃപയും, സ്വാധീനവും, ആരോഗ്യവും, ബുദ്ധിയുമുള്ള ഒരു വലിയ യൗവ്വന സമൂഹം നമ്മുടെ സഭകൾക്കുള്ളിലുണ്ട്. പക്ഷെ സഭകൾ അവരെ വേണ്ടതുപോലെ പ്രയോജനപ്പെടുത്താത്തതിനാൽ സഭയുടെ പ്രവർത്തന മേഖലകൾ മങ്ങലേറ്റിട്ടുണ്ട് എന്നതൊരു യാഥാർഥ്യമാണ്. ജീവിതത്തിലെവിടെയോ വന്നുപോയ വീഴ്ചകൾ നിമിത്തം ഒനേസിസ്മോസ് എന്ന ചെറുപ്പക്കാരന്റെ ജീവിതം ഇരുളടഞ്ഞു പോയപ്പോൾ, സുവിശേഷത്തിന്റെ പ്രകാശം പറഞ്ഞുകൊടുത്തു പൗലോസ് ഒനോസിമോസിനെ ദൈവത്തിനും സഭക്കും പ്രയോജനമുള്ളവനാക്കി തീർത്തതുപോലെ നാമും ക്രിസ്തുവിനു പ്രയോജനപ്പെടുന്നവരാകുവാൻ സഭക്ക് ഒരു മുതൽക്കൂട്ടാകുവാൻ നമ്മുടെ സഹോദരങ്ങളെ ചേർത്തുനിർത്തുക, പ്രയോജനപ്പെടുത്തുക, നാം സ്വയം പ്രയോജനപ്പെടുന്നവരാകുക.' അദ്ദേഹം പ്രഭാഷണത്തിൽ പറഞ്ഞു.




ദിവസവും വൈകിട്ട് 5.30 ആരംഭിക്കുന്ന പൊതുയോഗങ്ങൾക്ക് പുറമെ പകൽ ഉണർവ്വ് യോഗങ്ങളും വെള്ളിയാഴ്ച സോദരി സമാജം വാർഷികവും ശനിയാഴ്ച്ച പി.വൈ.പി.എ സൺഡേസ്കൂൾ വാർഷികവും നടക്കും. സംയുക്തരാധനയോടെ കൺവൻഷൻ സമാപിക്കും. ശാലേം വോയിസ് ഗാന ശുശ്രൂഷ നിർവഹിക്കുന്നു. പാസ്റ്റർമാരായ സാം സി ഡാനിയേൽ, വിത്സൺ സാമുവേൽ, ജോൺസൻ ജെ, ബിനു മോൻ എം, അലക്സ് തോമസ് എന്നിവർ നേതൃത്വം നൽകുന്നു .

# പെന്തക്കൊസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ച് 18-ാമത് ജനറൽ കൺവൻഷൻ നാളെ മുതൽ

തിരുവനന്തപുരം: പി.എം.ജി ചർച്ച് ജനറൽ കൺവൻഷൻ നാളെ മുതൽ 29 വെള്ളി വരെ പി.എം.ജി ചർച്ചിന്റെ ആസ്ഥാന മന്ദിരമായ തിരുവനന്തപുരം പാളയം കർമ്മേൽ ആഡിറ്റോറിയത്തിൽ നടക്കും. 26-ാം തീയതി വൈകുന്നേരം പി.എം.ജി.സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ എം.എ വർഗ്ഗീസ് ഉത്ഘാടനം ചെയ്ത് ആരംഭിക്കുന്ന കൺവൻഷനിൽ ഗാനശുസ്രൂഷ, സെമിനാർ, ബൈബിൾ ക്ലാസ്സ്, വിമൻസ് മീറ്റിംങ്, യുവജനയോഗം, കാത്തിരിപ്പ് യോഗം, പൊതുയോഗം ഇങ്ങനെ വിവിധ നിലയിൽ നടത്തുന്നു. സംയുക്ത ആരാധനയോടെ 29ാം തീയതി ഉച്ചയ്ക്ക് കൺവൻഷൻ സമാപിക്കും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ. എസ്.കെ. പ്രസാദ് പബ്ലിസിറ്റി കൺവീനർ 9526605688.

ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.

### ഈജിപ്ത്



**തലസ്ഥാനം**
കെറോ
**ഭാഷ:**
അറബി
**ജനസംഖ്യ:**
112,716,598
**പ്രസിഡണ്ട്:**
അബ്ദുൽ ഫത്താഹ് സീസി
**മതം :**
ഇസ്ലാം

**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- ജനക്ഷേമം മുൻനിർത്തി രാജ്യം ഭരിക്കുന്ന സുസ്ഥിരമായ ഒരു സർക്കാർ ഈജിപ്തിൽ അധികാരത്തിൽ വരണം. നിങ്ങൾ പ്രാർത്ഥിക്കുമോ? എല്ലാ വിഭാഗം ജനങ്ങളുടെയു താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടണം
- ഈജിപ്തിലെ സഭകൾക്ക് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുമോ? ദൈവികക്ഷമയും സ്നേഹവും കൊണ്ട് രാജ്യത്തെ കീഴടക്കുവാൻ അവർക്ക് കഴിയണം
- ഇസ്ലാമിക് സ്റ്റേറ്റിനു വേണ്ടി പ്രവർത്തിച്ച് നിരാശരായ അനവധിയാളുകളുണ്ട്. ഇവർ യേശുവിന്റെ സ്നേഹം തിരിച്ചറിയണം. ക്രിസ്തുവിനെ കണ്ടു മുട്ടണം . പ്രാർത്ഥിക്കുക

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:
Contact us: +91 98465 52220, +91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത. Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

# പവർ കോൺഫറൻസ് 2024

പത്തനംതിട്ട: ഇമ്മാനുവേൽ ഫെയ്ത്ത് മിനിസ്ട്രീസ് ഇന്റർനാഷനലിന്റെയും ( IFMI ) പതിനഞ്ചിൽ അധികം പെന്തക്കോസ്ത് സഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഏപ്രിൽ 18 വ്യാഴം രാവിലെ 9 മുതൽ 20 ശനി ഉച്ചക്ക് 1 വരെ പവർ കോൺഫറൻസ് പത്തനംതിട്ട തടിയൂർ ഐ എഫ് എം ഐ ക്യാമ്പ് സെന്ററിൽ നടക്കും. പാസ്റ്റർമാരായ ടി ജെ ശാമുവേൽ, ഡോ ഐസക് വി മാത്യു, ടി എ ശാമുവേൽ, വർഗ്ഗീസ് ബേബി, ടി എ ശാമുവേൽ, വർഗ്ഗീസ് ബേബി, ജോമോൻ കുരുവിള, പി എം ജോർജ്ജ്, റോബി ജേക്കബ് മാത്യു, ബെഞ്ചമിൻ എം ചാക്കോ, ടി എ വർഗ്ഗീസ് എന്നിവർ കോൺഫറൻസ് സെഷനുകൾക്ക് നേതൃത്വം നൽകും.

# ക്രിസ്മസ് രാത്രിയിലും ഗാസയിൽ ആക്രമണം, കൊല്ലപ്പെട്ടത് 70 പേർ

ടെൽ അവീവ് :ലോകം ക്രിസ്തുവിന്റെ തിരുപ്പിറവി ആഘോഷിക്കുമ്പോഴും യുദ്ധ ഭീതിയിൽ വാഗ്ദത്ത ഭൂമി. ഇസ്രയേൽ ഹമാസ് യുദ്ധം മൂന്ന് മാസം പിന്നിടുമ്പോൾ ഗാസ ക്രിസ്മസ് രാത്രിയിലും കുരുതിക്കളമായി മാറി. ഇസ്രയേൽ സൈനിക നടപടിയിൽ കഴിഞ്ഞ ദിവസം മാത്രം കൊല്ലപ്പെട്ടത് 70 പേരാണെന്നാണ് കണക്കുകൾ.

സെൻട്രൽ ഗാസ മുനമ്പിലെ അൽമഗാസി, അൽ ബുർജ് അഭയാർഥി ക്യാമ്പുകൾക്ക് സമീപമായിരുന്നു ഇന്നലെ ഏറ്റവും രൂക്ഷമായ ആക്രമണം അരങ്ങേറിയത്. അൽമഗാസി അഭയാർഥി ക്യാമ്പിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ മാത്രം 70 പേർ കൊല്ലപ്പെട്ടതായി ഗാസയിലെ ഹമാസിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ മന്ത്രാലയം അറിയിച്ചു. വലിയ ജനവാസ കേന്ദ്രങ്ങളിൽ ഒന്നായ ഇവിടെയുണ്ടായ ആക്രമണങ്ങളിൽ മരണ സംഖ്യ ഇനിയും ഉയരാനാണ് സാധ്യതയെന്നും റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. തെക്കൻ ഗാസ നഗരമായ ഖാൻ യൂനിസിലും വലിയ തോതിലുള്ള ആക്രമണങ്ങളുണ്ടായതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ജെനിൻ മേഖലയിലെ അൽദാംജ്, അൽഹവാഷിൻ പ്രദേശങ്ങൾ, ബലാറ്റ അഭയാർഥി ക്യാമ്പ്, നബ്ലസിന്റെ കിഴക്ക് അൽതാവോൺ, നബ്ലസിലെ ഒരു അലാവിറ്റ് പ്രദേശങ്ങൾ, ദേർ അമ്മാർ അഭയാർഥി ക്യാമ്പ്, റാമല്ലയുടെ പടിഞ്ഞാറ് ഖാഫിൻ, തുൽക്കറെമിന് വടക്ക് പ്രദേശങ്ങളിലും ശക്തമായ ആക്രമണങ്ങൾ അരങ്ങേറി.



ഒക്ടോബർ ഏഴിന് ആരംഭിച്ച ഇസ്രയേൽ ഹമാസ് യുദ്ധത്തിൽ ഇതുവരെ ഗാസയിൽ മാത്രം 20,424 പേർ മരിച്ചതായാണ് കണക്കുകൾ. 54,036 പേർക്ക് പരുക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അധിനിവേശ വെസ്റ്റ്ബാങ്കിൽ 303 പേർ കൊല്ലപ്പെടുകയും 3450 പേർക്ക് പരുക്കേൽക്കുകയും ചെയ്തു. ഇസ്രയേൽ പക്ഷത്ത് ഒക്ടോബർ ഏഴിന് ഉണ്ടായ ആക്രമണത്തിൽ 1400 പേരാണ് കൊല്ലപ്പെട്ടത്. 8,730 പേർക്ക് പരുക്കേൽക്കുകയും ചെയ്തു. ഗാസയ്ക്ക് മേലുള്ള സൈനിക നടപടിക്കിടെ 157 സൈനികരും കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് കണക്കുകൾ.

## യേശു ജനിച്ച മണ്ണിൽ സമാധാന സന്ദേശം മരിച്ചു:ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ സിറ്റി: തിരുപ്പിറവിയുടെ ഓർമ്മ പുതുക്കി ലോകമെങ്ങും ഇന്ന് ക്രിസ്തുമസ് ആഘോഷം. ദൈവപുത്രൻ ഭൂമിയിൽ അവതരിച്ചതിൻറെ സ്മരണ പുതുക്കുന്ന ആഘോഷ ദിനത്തിൽ ക്രിസ്മസ് ദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ യുദ്ധ ഇരകൾക്കായി പ്രാർത്ഥിച്ചു. ഇസ്രയേൽ ഹമാസ് യുദ്ധത്തിന്റെ വേദന പങ്കുവെച്ചുകൊണ്ടായിരുന്നു മാർപ്പാപ്പയുടെ ക്രിസ്മസ് സന്ദേശം. യേശു ജനിച്ച മണ്ണിൽ സമാധാന സന്ദേശം മരിച്ചെന്ന് മാർപ്പാപ്പ പറഞ്ഞു. യുദ്ധത്തിന്റെ വ്യർഥമായ യുക്തിയിൽ സമാധാനം നിരസിക്കപ്പെട്ടു. യുദ്ധത്തിന്റെ യാതനകൾ അനുഭവിക്കുന്നവർക്കു വേണ്ടി, ദുരിതവും പട്ടിണിയും അടിമത്തവും നേരിടുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കണമെന്നും പലസ്തീനും ഇസ്രയേലും യുക്രൈനും ചിന്തകളിലുണ്ടെന്നും മാർപ്പാപ്പ കൂട്ടിച്ചേർത്തു. വിശ്വാസികൾ അമിതമായ ആഘോഷങ്ങൾ ഒഴിവാക്കണമെന്ന് മാർപ്പാപ്പ ആവശ്യപ്പെട്ടു. ഒന്നും പാഴാക്കാതെ എല്ലാം പങ്കുവെച്ചുകൊണ്ടാകണം തിരുപ്പിറവി ആഘോഷം. സമാധാനത്തിന്റെ രാജകുമാരന് യുദ്ധം വീണ്ടും പാർപ്പിടം നിഷേധിക്കുകയാണെന്ന് പറഞ്ഞ മാർപ്പാപ്പ ക്രിസ്തു അനീതിയെ നേരിട്ടത് ശക്തി കൊണ്ടല്ല, സ്നേഹം കൊണ്ടാണെന്നും ക്രിസ്മസ് ?ദിന സന്ദേശത്തിലൂടെ ഓർമ്മിപ്പിച്ചു.

## അപ്കോൺ കാത്തിരിപ്പ് യോഗം സമാപിച്ചു



അബുദാബി: പരിശുദ്ധാത്മാവിന്റെ നവ ചൈതന്യം പകർന്ന് അബുദാബി പെന്തക്കോസ്ത് സമൂഹങ്ങളുടെ ഐക്യ കൂട്ടായ്മയായ അപ്കോൺ ഒരുക്കിയ കാത്തിരിപ്പ് യോഗം അനുഗ്രഹീതമായി സമാപിച്ചു. പ്രസിഡണ്ട് പാസ്റ്റർ എബി എം വർഗീസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പാസ്റ്റർ വർഗീസ് ബേബി കായംകുളം മുഖ്യ സന്ദേശം നൽകി.

23 പേർ ആത്മാഭിഷേകം പ്രാപിച്ചു. അഞ്ച് പേർ സ്നാനപ്പെടുവാനും പന്ത്രണ്ടു പേർ കർത്താവിന്റെ വേലയ്ക്കായും സമർപ്പിച്ചു. ഗാന ശുശ്രൂഷയ്ക്ക് അപ്കോൺ ക്വയർ നേതൃത്വം നൽകി.

അപ്കോൺ അംഗത്വ സഭകളിലെ ശുശ്രൂഷകർ വിവിധ സെക്ഷനുകളിൽ പ്രാർത്ഥിക്കുകയും സെക്രട്ടറി ബ്രദർ ജോഷാ ജോർജ് മാത്യു നന്ദി അറിയിക്കുകയും ചെയ്തു. അപ്കോൺ ഭാരവാഹികൾ മീറ്റിംഗിന് നേതൃത്വം കൊടുത്തു.

## ക്രിസ്മസിൽ കുറ്റവാളികൾക്ക് പൊതുമാപ്പ്; 1000ത്തിലധികം തടവുകാരെ മോചിപ്പിച്ച് ശ്രീലങ്കൻ സർക്കാർ

കൊളമ്പോ: ക്രിസ്മസ് പ്രമാണിച്ച് രാജ്യത്തുടനീളമുള്ള ജയിലുകളിൽ നിന്ന് പൊതുമാപ്പ് നൽകിക്കൊണ്ട് 1000ത്തിലധികം കുറ്റവാളികളെ മോചിപ്പിച്ച് ശ്രീലങ്കൻ സർക്കാർ. ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.സർക്കാർ മോചിപ്പിച്ച ശ്രീലങ്കക്കാരായ 1,004 കുറ്റവാളികൾ കുടിശ്ശികയുള്ള പിഴയടക്കാൻ കഴിയാത്ത കാരണത്താൽ ജയിലിലടക്കപ്പെടുവായിരുന്നുവെന്ന് ജയിൽ കമ്മീഷണർ ഗാമിനി ദിസനായകെ പറഞ്ഞു. ഞായറാഴ്ച സൈനികരുടെ പിന്തുണയോട് കൂടി മയക്കുമരുന്ന് വിരുദ്ധ ഡ്രൈവിങ്ങിൽ 15,000 ത്തോളം ആളുകളെ ശ്രീലങ്കൻ പൊലീസ് അറസ്റ്റ് ചെയ്തതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതിന് പിന്നാലെയാണ് ജയിലിൽ കഴിയുന്ന കുറ്റവാളികൾക്ക് രാജ്യം പൊതുമാപ്പ് നൽകി മോചിപ്പിക്കുന്നത്. മയക്കുമരുന്ന് ഉപയോഗം, വിൽപന തുടങ്ങിയ ചൂണ്ടിക്കാട്ടി 13,666 പ്രതികളെ അറസ്റ്റ് ചെയ്തതായും മയക്കുമരുന്നിന് അടിമകളായ 1,100 തടവിലാക്കിയതായും ചെയ്തതായി പൊലീസ് പറഞ്ഞു. ഏതാനും കുറ്റവാളികളെ നിർബന്ധിത പുനരധിവാസത്തിനായി സൈന്യത്തിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്രത്തിലേക്ക് അയച്ചതായും പൊലീസ് കൂട്ടിച്ചേർത്തു.രാജ്യത്തെ കണക്കുകൾ അനുസരിച്ച് 11,000 പേരെ പാർപ്പിക്കാൻ കഴിയുന്ന ജയിൽ കെട്ടിടങ്ങളിൽ ഏകദേശം 30,000ലധികം തടവുകാരുണ്ടെന്നാണ് റിപ്പോർട്ടുകൾ. പൊതുവെ ശ്രീലങ്കയിലെ ജയിലുകളിൽ കുറ്റവാളികൾ കൂടുതലാണെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഭൂരിപക്ഷം ബുദ്ധമതക്കാർ ഉള്ള ശ്രീലങ്കയിൽ, കഴിഞ്ഞ മേയ് മാസത്തിൽ ബുദ്ധന്റെ ജനനം, ജ്ഞാനോദയം, മരണം എന്നീ ദിനങ്ങളിൽ സമാനമായ രീതിയിൽ കുറ്റവാളികളെ മോചിപ്പിച്ചിരുന്നു.


"for there is the sound of abundance of rain."
1 Kings 18:41
GILGAL
CHURCHOF GOD
SHARJAH
CONFERENCE
10:30AM - 01:30PM
CONVENTION
07:30PM - 10:00PM
Message
REV. DR. M.A VARGHESE
DEC
28
THU
SPIRITUAL
RAIN 2023
SHARJAH WORSHIP CENTER
MAIN HALL
For more details:
Rev. Dr. K.O Mathew: +971 50 646 3177

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 324
25 Monday
Pages 6
695

Your health, right away.
BROSCO PHARMACY

## BROSCO PHARMACY

നിങ്ങൾ ആശങ്കയിലാണോ...?
നാട്ടിലെ കാര്യം ഓർത്തിട്ടാണോ...?
ഞങ്ങളുണ്ടേന്നേ ഒരു വിളിപ്പാടകലെ..!!

### SPECIAL DISCOUNT

| | |
|---|---|
| Medicines (13% - 40%) | Baby Food (4% - 6%) |
| Adult Diaper (53%) | Ortho Supports (15% - 20%) |
| Underpads (64%) | Baby Care (8% - 10%) |
| Pullups (48%) | Insulin (18% - 45%) |







നിങ്ങളുടെ പ്രീയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ മെഡിസിനും
മറ്റനുബന്ധ സാധനങ്ങളും
ഉത്തരവാദിത്വത്തോടെ നിങ്ങളുടെ വീടുകളിൽ
എത്തിക്കും ബ്രോസ്കോ ഫാർമസി.
വിശ്വാസ്യതയുടെ പര്യായം

HOME CARE PRODUCTS AVAILABLE
- Feminine Hygiene Items
- Oxygen Concentrator
- Nutrition Supplements
- Orthopaedic Items
- Cosmetic Items
- Baby Food
- Baby Care Items
- Veterinary Medicine
- Ayurveda Medicines
- Wheel Chairs & Walkers

FREE HOME DELIVERY
Within 5km Radius
ORDER NOW




CAL US : +91-6238062257

**PATHANAMTHITTA**
Maniyatt Building,
Near St. Peters Junction,
Pathanamthitta , Kerala
Call : +91- 7025588926

**VADASSERIKKARA**
Maniyatt Plaza,
Mannarakulanji Pamba Road,
Vadasserikkara , Kerala
Call : +91- 8590634011

**KUMBANAD**
Ikkara Peneal,
Near Quality Super Bazar
Kumbanad , Kerala
Call : +91- 7012761613

**RANNI**
Pearl Square Building,
Thottamon, Near SBI Bank,
Blockpadi Junction, Ranni
Call : +91- 8590628255